# الصَّوَارِفُ عَنِ الحَقِّ

# സത്യത്തിൽ നിന്ന്
# വഴിതെറ്റിക്കുന്ന കാര്യങ്ങൾ


ഗ്രന്ഥകാരൻ

**ഹമദ് ബ്ൻ ഇബ്റാഹീം അൽ – ഉഥ്മാൻ**

വിവർത്തനവും അടിക്കുറിപ്പുകളും

**അബ്ദുൽ മുഹ്സിൻ അയ്ദീദ്, പൊന്നാനി**

# 4 - സത്യം തേടുന്നതിലുള്ള അലസത

ചിലർ അസത്യത്തിൽ അന്ധമായി വിശ്വസിക്കുകയും, അത് മതമായി കൊണ്ടു നടക്കുകയും ചെയ്യും. എന്നാൽ താൻ വിശ്വസിക്കുന്നതിന് എതിരായി വിശ്വസിക്കുന്നവരുണ്ടെന്നും, അയാൾ മതമായി സ്വീകരിച്ചിരിക്കുന്നത് തന്റെ വിശ്വാസത്തിന് നേർവിപരീതമായ കാര്യമാണെന്നും, തങ്ങൾ വിശ്വസിക്കുന്നതിന് എതിരാകുന്നവർ വഴികേടിലാണെന്ന് പറയുന്ന ചിലരുണ്ടെന്നും അയാൾക്ക് വിവരം ലഭിച്ചാലും ആ വിഷയത്തിലുള്ള സത്യാവസ്ഥ എന്താണെന്ന് സൂക്ഷ്മമായി പഠിക്കാനും, അതിൽ വ്യക്തത വരുത്താനും, തന്നെ എതിർക്കുന്നതിലേക്ക് തന്റെ എതിരാളിയെ നയിച്ച കാരണമെന്താണെന്ന് പഠിക്കുവാനും അവർ തയ്യാറായിക്കൊള്ളണമെന്നില്ല.

ഏതെങ്കിലുമൊരു പുസ്തകത്തിൽ ഒരു വിഷയത്തിന്റെ ഒരറ്റം പരാമർശിച്ചിടത്ത് അതിന്റെ വിധി ഇന്നതാണെന്ന് കണ്ടതായിരിക്കും ചിലപ്പോൾ തന്റെ നിലപാട് സ്വീകരിക്കുന്നതിന് അയാൾക്ക് കാരണമായിട്ടുണ്ടാകുക. അതുമല്ലെങ്കിൽ ഏതെങ്കിലുമൊരു ശൈഖ് മാത്രം പറയുന്നത് കേട്ടതിന് ശേഷം ആ വിഷയത്തിൽ വ്യക്തമായ അന്വേഷണമോ പഠനമോ ഗവേഷണമോ സൂക്ഷ്മമായ പരിശോധനയോ, അദ്ദേഹം പറഞ്ഞതിന്റെ എതിർവാദം പറയുന്നവരുടെ തെളിവുകളും മറുതെളിവുകളുമായി താരതമ്യം നടത്തുകയോ ചെയ്യാത്തതും (അസത്യത്തിൽ ഒരാൾ തുടർന്നു പോകാൻ കാരണമാകാറുണ്ട്).

ഒരു വിഷയത്തിൽ അഭിപ്രായം പറഞ്ഞ ഓരോരുത്തരുടെയും തെളിവുകൾ എന്താണെന്നും, അതിന്റെ സ്രോതസ്സുകൾ ഏതാണെന്നും പൂർണമായി ഉൾക്കൊള്ളുകയും, ശേഷം ഓരോ വിഭാഗത്തിന്റെയും തെളിവുകളെ സൂക്ഷ്മപരിശോധന നടത്തി, അവയെല്ലാം നീതിയുടെ തുലാസിൽ അളന്ന്, ഓരോ വാദമുഖങ്ങളുടെയും പ്രശ്നങ്ങൾ വിശകലനം ചെയ്ത് കൊണ്ട് സത്യം കണ്ടെത്തുന്നതിൽ തന്റെ ഭാഗത്ത് നിന്നുള്ള പരിപൂർണമായ പരിശ്രമം ഒരാൾ നടത്തേണ്ടതുണ്ട്.

തന്റെ മനസ്സിൽ ഉറച്ചു പോയ ഒരു ചിത്രത്തിന്റെ അടിസ്ഥാനത്തിൽ ഓരോ വാദമുഖങ്ങളെയും സ്വീകരിക്കുന്നവരും, സൂക്ഷ്മപരിശോധനയോടെ ഓരോ വാക്കുകളെയും സമീപിക്കുന്നവരും തമ്മിലുള്ള വ്യത്യാസം എന്താണെന്ന് ശൈഖ് ഹുസൈൻ അന്നഅ്മി(റ) വ്യക്തമാക്കിയിട്ടുണ്ട്. ആദ്യത്തെ വിഭാഗക്കാരെ ബാധിക്കാറുള്ള ചില പ്രശ്നങ്ങളെ കുറിച്ച് അദ്ദേഹം പറഞ്ഞു : "ഒരു മാറ്റവുമില്ലാത്ത ഒരു ചിത്രമാക്കി അവർ വിഷയത്തെ മുൻപ് തന്നെ സ്ഥിരപ്പെടുത്തി വെച്ചിരിക്കും. മാറ്റമില്ലാത്ത വിധിയും, എന്നും അനുസരിക്കപ്പെടേണ്ട അടിസ്ഥാനവുമായിരിക്കും അവർക്കത്. എന്നാൽ ചിലപ്പോൾ അതിൽ നിന്ന് മാറി സഞ്ചരിക്കേണ്ട മറ്റു ചിലത തെളിവുകൾ വേറെ ഉണ്ടായേക്കാമെന്ന് അവന് മനസ്സിലായിട്ടില്ല.

ചിലപ്പോൾ ആ അടിസ്ഥാനത്തിൽ ഊന്നിക്കൊണ്ട് ഒരു വിഷയത്തിൽ അവൻ ഒരു പരിഹാരം നിർദേശിച്ചേക്കാം. എന്നാൽ ആ അടിസ്ഥാനത്തിൽ നിന്ന് വേറിട്ട് നിൽക്കുന്ന മറ്റെന്തെങ്കിലും തെളിവ് വേറെ ഉണ്ടായിരിക്കാം. വേറൊരു വ്യക്തി അത് മനസ്സിലാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുകയും ചെയ്തിരിക്കാം.

ചിലപ്പോൾ ഏതെങ്കിലും വിഷയത്തിൽ മൊത്തത്തിൽ വന്നതോ, നിരുപാധികം പറഞ്ഞതോ ആയ ഏതെങ്കിലും തെളിവിന്റെ അടിസ്ഥാനത്തിൽ ഒരു കാര്യം അവൻ പറഞ്ഞേക്കാം. എന്നാൽ അതിനോട് എതിരാകുന്ന മറ്റേതെങ്കിലും തെളിവ് ഉണ്ടെന്ന കാര്യം അവൻ അറിഞ്ഞിട്ടേയുണ്ടാകില്ല.

അല്ലാഹു അവൻ അറിഞ്ഞതിന്റെ അടിസ്ഥാനത്തിൽ മാത്രമേ അവനെ ചോദ്യം ചെയ്യുകയുള്ളൂ (എന്നത് ശരി തന്നെ). പക്ഷേ, താൻ നേടിയെടുത്ത അറിവിന്റെ ആ പരിധിയിൽ മാത്രം എന്നും ഒതുങ്ങി നിൽക്കുകയും,

തന്റെയടുക്കൽ ഒരു മാറ്റവുമില്ലാത്ത അടിസ്ഥാനമായി അത് മാറുകയും ചെയ്യുക എന്നത് വളരെ വലിയ പ്രശ്നം തന്നെയാണെന്ന കാര്യത്തിൽ ഒരു സംശയവുമില്ല."

തന്റെ ബുദ്ധി 'വർക്കൗട്ട്' ചെയ്യിപ്പിക്കാത്തവരിലാണ് ഇത് കൂടുതലും കാണാറുള്ളത്. എന്നാൽ ബുദ്ധിമാനായ ഒരുവനാണ് അവനെങ്കിൽ താൻ മനസ്സിലാക്കിയതിന് എതിരായ തെളിവുകൾ വേറെ ചിലതുണ്ടെന്നത് അറിയുന്നത് മതപഠനത്തിനുള്ള താൽപര്യം അവനിൽ വർദ്ധിപ്പിക്കുകയും, താൻ മുൻപ് മനസ്സിലാക്കി വെച്ച കാര്യം കൂടുതൽ പഠനത്തിനും പരിശോധനക്കും വിധേയമാക്കാനുമാണ് അവനെ പ്രേരിപ്പിക്കുക.

വിഷയത്തിൽ ശരിയായ പഠനം നടത്താത്തവരെ സംബന്ധിച്ചാണ് ഈ പറഞ്ഞതെല്ലാം. എന്നാൽ ഒരു കാര്യത്തിൽ വ്യക്തമായ ബോധ്യം ശരിയായ പഠനത്തിന് ശേഷം വന്നു കഴിഞ്ഞാൽ പിന്നെ എല്ലാവരും കൊണ്ടു വരുന്ന ഓരോ സംശയങ്ങൾക്കും പിറകെ പോകേണ്ട കാര്യമില്ല. അതിന് ഒരാളുടെ ജീവിതകാലം മതിയാവുകയില്ല.

ശൈഖ് അബ്ദുറഹ്മാൻ അൽ-മുഅല്ലിമി(റ) പറഞ്ഞു : " മനസ്സിന് ശാന്തിയേകുന്ന വിധത്തിൽ ഒരു വിഷയത്തിൽ തനിക്ക് അറിവ് നേടാൻ കഴിഞ്ഞതിന് ശേഷം പിന്നീട് ആ വിഷയങ്ങളിൽ വരുന്ന സംശയം ജനിപ്പിക്കുന്ന മറ്റ് എതിരഭിപ്രായങ്ങളെ നിരസിക്കുവാൻ അർഹതയുള്ളത് **<u>മതവിജ്ഞാനങ്ങളിൽ ആഴത്തിൽ പരിജ്ഞാനമുള്ള പണ്ഡിതന് മാത്രമാണ്.</u>** ഒന്നല്ലെങ്കിൽ അത്തരം പ്രശ്നങ്ങളെ അയാൾക്ക് അവഗണിച്ചു കളയാം; അതല്ലെങ്കിൽ തന്റെ ഇത്രയും കാലത്തെ പഠനം കൊണ്ട് സ്ഥിരപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അയാൾക്ക് അതിനെ കുറിച്ച് പഠനം നടത്താം." [1]

അൽ-അല്ലാമ സ്വിദ്ദീഖ് ഹസൻ ഖാൻ(റ) പറഞ്ഞു : "അഞ്ച് കാര്യങ്ങൾ ഒരുമിച്ച് കൂടിയവർക്ക് മാത്രമാണ് സത്യം കണ്ടെത്താൻ കഴിയുക. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ഇഖ്ലാസും, മതവിഷയങ്ങളിലെ അവഗാഹവും (ഫഹ്മ്) നീതിയുമാണ്. - ആളുകളിൽ വളരെ ശുഷ്കമായി മാത്രം കാണപ്പെടുന്നതും, അധിക പേർക്കും നഷ്ടമായതുമായ കാര്യമാണ് നാലാമതുള്ള കാര്യം; സത്യം കണ്ടെത്താനുള്ള പരിശ്രമമാണത്. സത്യത്തിലേക്കുള്ള ശക്തമായ ക്ഷണമാണ് (അഞ്ചാമത്തേത്)." [2]

അദ്ദേഹം എഴുതി: "സത്യം (ഹഖ്) സുരക്ഷിതവും പരിശുദ്ധവും വിലയേറിയതും മാന്യവുമാണ്. അതന്വേഷിച്ച് കണ്ടെത്തുന്നതിൽ മടിയുള്ളവർക്കും, അതിനോട് ആത്മാർഥമായ അഭിനിവേശവും, അതിലേക്ക് എത്തിക്കുന്ന കാരണങ്ങളോട് ആദരവും ഇല്ലാത്തവർക്ക് ഒരിക്കലും അത് ലഭിക്കുകയില്ല. സത്യത്തിൽ നിന്ന് തിരിഞ്ഞു കളയുന്നവരുടെയും, അതിന് വേണ്ടി പണിയെടുക്കാത്തവന്റെയും മേൽ ചെന്ന് അത് വീണു കൊടുക്കുകയില്ല; കന്നുകാലികളെ പോലുള്ള വഴിപിഴച്ചവരോട് അത് കൂടിയിരിക്കുകയുമില്ല." [3]

ഇമാം മുഹമ്മദ് ബ്നു അബ്ദിൽ വഹ്ഹാബ്(റ) പറഞ്ഞു : "സത്യം അന്വേഷിച്ചവനല്ലാതെ അത് സ്വീകരിക്കുകയില്ലെന്ന കാര്യം ഏവർക്കും അറിയാവുന്നതാണ്." [4]

ഇബ്നുൽ ജൗസി(റ) പറഞ്ഞു : "സ്വന്തം അവസ്ഥയിൽ തൃപ്തനായിരിക്കുകയെന്നതും, താൻ നേടിയെടുത്ത വിജ്ഞാനം ആവശ്യത്തിന് മതിയായതാണെന്ന ചിന്തയുണ്ടാകലുമാണ് ഏറ്റവും ഗൗരവമേറിയ ആപത്ത്. ഈ പരീക്ഷണം സൃഷ്ടികളിൽ അധിക പേരെയും ബാധിച്ചിരിക്കുന്നു. താൻ സത്യത്തിലാണെന്ന് വിശ്വസിക്കുകയും,

---

[1] അൽ-അൻവാറുൽ കാഷിഫ: 34.
[2] ഖത്ഫുഥമർ ഫീ ബയാനി അഖീദതി അഹ്‌ലിൽ അഥർ: 175.
[3] ഖത്ഫുഥമർ ഫീ ബയാനി അഖീദതി അഹ്‌ലിൽ അഥർ: 175.
[4] മജ്മൂഅത്തുത്തൗഹീദ്: 75.

നമ്മുടെ പ്രവാചകനായ മുഹമ്മദ് നബിﷺയുടെ പ്രവാചകത്വത്തിന്റെ തെളിവുകളെ കുറിച്ച് ഒരു അന്വേഷണവും നടത്താതിരിക്കുകയും ചെയ്യുന്ന അനേകം യഹൂദനെയും ക്രൈസ്തവനെയും നിനക്ക് കാണാൻ കഴിയും. ഇനി തന്റെ ഹൃദയത്തെ നിർമ്മലമാക്കുന്ന ഖുർആനിനെ പോലെ എന്തെങ്കിലും കേട്ടാലോ, അത് കേൾക്കാതിരിക്കുന്നതിനായി അവൻ ഓടിയൊളിക്കുകയും ചെയ്യും.

ദേഹേഛയുടെ വക്താക്കൾ എല്ലാവരുടെയും അവസ്ഥ ഇത് തന്നെയാണ്. (അസത്യത്തിൽ നിലകൊള്ളാനുള്ള അവന്റെ ന്യായം) ഇത് തന്റെ പിതാവിന്റെ നിലപാടാണ്, തന്റെ കുടുംബത്തിന്റെ മതമാണ് എന്നതോ മറ്റോ ആയിരിക്കും.

അതുമല്ലെങ്കിൽ അവൻ (ആ വിഷയത്തെ കുറിച്ച്) ഒരു ചെറിയ പരിശോധന നടത്തി. അപ്പോൾ അവന് അത് ശരിയാണെന്ന് തോന്നി. പിന്നെ അതിന് എതിരായ ഒന്നിലേക്കും അവൻ നോക്കിയില്ല. തനിക്ക് വല്ല അബദ്ധവും സംഭവിച്ചിട്ടുണ്ടെങ്കിൽ തിരുത്തുവാൻ അറിവുള്ള ഒരാളെയും അവൻ തേടിപ്പിടിക്കുകയും ചെയ്തില്ല.

വിശ്വാസകാര്യങ്ങളിൽ സത്യം കണ്ടെത്തുന്നതിൽ കാണിക്കുന്ന അലംബാവമാണ് അവരുടെ വഴികേടിനുള്ള കാരണം എന്ന് ഇബ്നു ശൈഖിൽ ഹസാമിയ്യീൻ(റ) വിശദീകരിച്ചിട്ടുണ്ട്.

അദ്ദേഹം പറഞ്ഞു : "പലപ്പോഴും സുന്നത്തിനെ സംബന്ധിച്ചും, അതിന്റെ വിശദാംശങ്ങളെ കുറിച്ചും അറിവുണ്ടായിട്ടും തൗഹീദിന്റെ വിഷയത്തിൽ സത്യത്തിൽ നിന്ന് ഇവർ തടയപ്പെടാനുള്ള കാരണം സുന്നത്തിൽ നിന്നും അതിലെ വിധി വിലക്കുകൾ മനസ്സിലാക്കുന്നതിൽ നിന്നും അവർ പ്രതീക്ഷിക്കുന്നത് ഭൗതികമായ ലാഭങ്ങളാണ് എന്നതാണ്. ഈമാനിന്റെ യാഥാർഥ്യം മനസ്സിലാക്കുക എന്ന വലിയ ലക്ഷ്യമൊന്നുമല്ല അവർക്ക് സുന്നത്ത് പഠിക്കുന്നതിന്റെ പിന്നിലുള്ളത്. ചെറുതായെങ്കിലുമൊന്ന് സത്യന്വേഷിക്കാൻ അവർ തയ്യാറായിരുന്നെങ്കിൽ അവർക്കത് കണ്ടെത്താൻ സാധിക്കുമായിരുന്നു.

ഇഹലോകത്തിന്റെ അധികാരങ്ങളും, അതിലെ ഉയർച്ചകളുമാണ് അവരുടെ ലക്ഷ്യങ്ങൾ! ഇഹലോകത്തിന്റെ അലങ്കാരങ്ങളിൽ അവരുടെ ഹൃദയം വീണു പോയിരിക്കുന്നു; പരലോകത്തിൽ നിന്നോ അവർ അകന്ന് പോയിരിക്കുന്നു. സത്യത്തിന് സാക്ഷ്യം വഹിക്കുന്നതിൽ നിന്നും, അല്ലാഹുവിനോടുള്ള സ്നേഹം രുചിക്കുന്നതിൽ നിന്നും അവർ തടയപ്പെട്ടിരിക്കുന്നു.

ഇസ്ലാമിന്റെ കർമ്മശാസ്ത്ര നിയമങ്ങൾ മനസ്സിലാക്കുക എന്നതിന് പുറത്തേക്ക് അതിന്റെ യാഥാർഥ്യങ്ങളിലേക്കും, ആ വിധിവിലക്കുകളുടെ ലക്ഷ്യങ്ങളിലേക്കും അവരുടെ പഠനം കടന്നു ചെന്നില്ല. അല്ലാഹുവിന്റെ വിശേഷണങ്ങളുടെയോ അവന്റെ പ്രവർത്തനങ്ങളുടെയോ വെളിച്ചം അവരുടെ ഹൃദയങ്ങളിൽ ഒരിക്കലും ഉദിച്ചുയർന്നതുമില്ല." [5]

ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യ(റ) പറഞ്ഞു : "ഈ വിഷയത്തിൽ വഴി തെറ്റുകയോ, സത്യം കണ്ടെത്തുന്നതിൽ നിന്ന് ദുർബലരാവുകയോ ചെയ്ത ബഹുഭൂരിപക്ഷം പേരും അപ്രകാരം അധഃപതിച്ചത് നബിﷺയുടെ അടുക്കൽ നിന്ന് വന്ന സുന്നത്തിനെ മുറുകെ പിടിക്കുന്നതിൽ നിന്നും, അത് പരിശോധിക്കുന്നതിൽ നിന്നും, അത് കൊണ്ട് തെളിവ് പിടിക്കുന്നതിൽ നിന്നുമുള്ള അവരുടെ അലസത കാരണത്താൽ മാത്രമാണ്. അല്ലാഹുവിന്റെ കിതാബിൽ നിന്ന് അവർ അകന്നപ്പോൾ വഴികേടിൽ അവർ പതിക്കുകയാണുണ്ടായത്.

---

[5] മദ്ഖലു അഹ്‌ലിൽ ഫിഖ്ഹി വല്ലിസാനി ഇലാ മയ്ദാനിൽ മഹബ്ബത്തി വൽ ഇർഫാൻ: 50.

﴿ فَإِمَّا يَأۡتِيَنَّكُم مِّنِّي هُدٗى فَمَنِ ٱتَّبَعَ هُدَايَ فَلَا يَضِلُّ وَلَا يَشۡقَىٰ ١٢٣ وَمَنۡ أَعۡرَضَ عَن ذِكۡرِي فَإِنَّ لَهُۥ مَعِيشَةٗ ضَنكٗا وَنَحۡشُرُهُۥ يَوۡمَ ٱلۡقِيَٰمَةِ أَعۡمَىٰ ١٢٤ ﴾ طه: ١٢٣ - ١٢٤

അല്ലാഹു പറഞ്ഞതു പോലെ: "എന്റെ പക്കൽ നിന്നുള്ള വല്ല മാർഗദർശനവും നിങ്ങൾക്ക് വന്നുകിട്ടുന്ന പക്ഷം, അത് ആർ പിൻപറ്റുന്നുവോ അവൻ പിഴച്ച് പോകുകയില്ല, കഷ്ടപ്പെടുകയുമില്ല. എന്റെ ഉൽബോധനത്തെ വിട്ട് വല്ലവനും തിരിഞ്ഞുകളയുന്ന പക്ഷം തീർച്ചയായും അവന്ന് ഇടുങ്ങിയ ഒരു ജീവിതമാണുണ്ടായിരിക്കുക. ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അവനെ നാം അന്ധനായ നിലയിൽ എഴുന്നേൽപിച്ച് കൊണ്ട് വരുന്നതുമാണ്." (20:123-124)

ഇബ്നു അബ്ബാസ്(റ) പറഞ്ഞു : "ഖുർആൻ പാരായണം ചെയ്യുകയും, അത് കൊണ്ട് പ്രവർത്തിക്കുകയും ചെയ്തവൻ ഇഹലോകത്ത് വഴിപിഴക്കുകയോ, പരലോകത്ത് ക്ലേശമനുഭവിക്കുകയോ ചെയ്യില്ലെന്ന കാര്യം അല്ലാഹു ഏറ്റെടുത്തിരിക്കുന്നു." ശേഷം അദ്ദേഹം മേലെ നൽകിയ ആയത്ത് പാരായണം ചെയ്തു. [6]

ഇബ്നു തൈമിയ്യ(റ) വീണ്ടും എഴുതി: "പ്രവാചകന്മാരുടെ പാത പഠിച്ചെടുക്കുന്നതിലും, പ്രാവർത്തികമാക്കുന്നതിലും കുറവ് വരുത്തിയവർ മാത്രമേ ബിദ്അത്തുകളിൽ പ്രവേശിച്ചിട്ടുള്ളൂ." [7]

സത്യം തേടിപ്പിടിക്കുന്നതിലും, തെളിവുകൾ അന്വേഷിക്കുന്നതിലും ആർ അലസത കാണിക്കുന്നുവോ, അവന് തന്നെ എതിർക്കുന്നവനെ ആക്ഷേപിക്കുവാനോ, അവന് ഒഴിവ്കഴിവ് നൽകാതിരിക്കാനോ യാതൊരു അവകാശവുമില്ല.

ആർത്തവകാരിയെ ത്വലാഖ് ചൊല്ലുന്നതിനെ കുറിച്ചുള്ള പഠനം -ആ സന്ദർഭത്തിൽ ത്വലാഖ് അസാധുവാണ് എന്ന അഭിപ്രായത്തിന് മുൻഗണന നൽകി- അവസാനിപ്പിച്ചു കൊണ്ട് ഇബ്നുൽ ഖയ്യിം(റ) പറഞ്ഞു : "തന്റെ വിജ്ഞാനത്തിന്റെ പാത്രത്തിൽ കുറവുള്ളവനും, പ്രമാണത്തിന്റെ പിന്നിൽ ദുർബലതകളുള്ളവനും, പ്രമാണങ്ങളിൽ നിന്ന് ഫലം പറിച്ചെടുക്കാൻ ഉയരമില്ലാത്തവനും, സത്യം കണ്ടെത്താൻ വേണ്ടി ഉയരത്തിൽ പരിശ്രമിക്കുകയും, നബിﷺയുടെ ഹദീഥുകൾ ചുറ്റും വട്ടമിട്ട് സംരക്ഷിക്കുകയും, അതിനെ സ്വജീവിതത്തിലേക്ക് കൊണ്ട് വരികയും, അതിലേക്ക് വിധി തേടി പോകുകയും ചെയ്തവന് ഉദ്ർ (ഒഴിവ് കഴിവ്) നൽകട്ടെ)." [8]

---

[6] മജ്മൂഉൽ ഫതാവ: 3/314.

[7] അൽ-ജവാബുസ്സ്വഹീഹ് ലിമൻ ബദ്ദലദീനൽ മസീഹ്: 3/85.

[8] സാദുൽ മആദ്: 5/240. അറബി അറിയുന്നവർ സാധിക്കുമെങ്കിൽ ഇബ്നുൽ ഖയ്യിമിന്റെ വിവർത്തനം ചെയ്യപ്പെട്ട വരി മൂലഗ്രന്ഥത്തിൽ നിന്ന് വായിക്കുക. വളരെ മനോഹരമാണത്!